**പതിനൊന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**
2002 ജൂലായ് 29-ാം തീയതി തിങ്കളാഴ്ച
(ആകെ ചോദ്യങ്ങൾ -26)

**(686) സ്വാശ്രയമേഖലയിൽ ആരംഭിച്ച സാങ്കേതിക കോളേജുകൾ**
**(687) ദുബായ് ഡ്രൈഡോക്കിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി**
**(688) തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനത്തിനായുള്ള പദ്ധതി**
**(689) എസ്.സി.ഇ.ആർ.ടി.യുടെ പ്രവർത്തനങ്ങൾ**
**(690) ഗവൺമെന്റ് പ്ലസ് ടു സ്കൂളുകളിലും സ്വകാര്യ എയിഡഡ് പ്ലസ് ടു സ്കൂളുകളിലും വിദ്യാർത്ഥി പ്രവേശനത്തിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ**
**(691) കേരള-മഹാത്മാഗാന്ധി-കോഴിക്കോട് സർവ്വകലാശാലകളുടെ സിലബസ്**
**(692) പ്ളസ് ടു കോഴ്സിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി**
**(693) ഭൂമി കയ്യേറ്റം തടയുന്നതിന് സമഗ്രമായ നിയമനിർമ്മാണം**
**(694) ഏകീകൃത പ്രീപ്രൈമറി വിദ്യാഭ്യാസം**
**(695) റവന്യൂ വകുപ്പിൽനിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾ**
**(696) മരാമത്ത് വകുപ്പിന്റെ ഘടനയിലും പ്രവർത്തനത്തിലും മാറ്റം വരുത്താനുള്ള തീരുമാനം**
**(697) പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനായി കേന്ദ്രഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ള മാനദണ്ഡങ്ങൾ**
**(698) എസ്.എസ്.എൽ.സി., ഹയർസെക്കന്ററി പരീക്ഷാപേപ്പറുകളുടെ പുന: പരിശോധന**
**(699) തൊഴിലധിഷ്ഠിത ഹയർസെക്കന്ററി വിദ്യാഭ്യസം**
**(700) നിയമവിദ്യാഭ്യാസ രംഗത്ത് അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന സ്ഥാപനം**
**(701) സ്വകാര്യ ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്നതിന്റെ മാനദണ്ഡം**
**(702) നിയമവിദ്യാഭ്യാസം മെച്ചപ്പെടുത്തന്നതിന് പുതിയ പദ്ധതികൾ**
**(703) ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലുള പഞ്ചായത്ത് സ്കൂളുകൾ**
**(704) റവന്യൂ-വനം വകുപ്പുകൾ സംയുക്ത സർവ്വേ നടത്തി പട്ടയം നൽകാൻ ശുപാർശ ചെയ്ത ഭൂമി**
**(705) അൺഎയിഡഡ് പ്ളസ് ടു സ്കൂളുകൾ അനുവദിക്കുന്നതുമൂലം ഉണ്ടാകുന്ന പ്രശ്നം**
**(706) പൊതുമരാമത്ത് വകുപ്പു നടത്തുന്ന പണികളുടെ ഗുണനിലവാരം പരിശോധിക്കുവാൻ സംവിധാനം**
**(707) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളേയും കോളേജുകളേയും തമ്മിൽ ബന്ധിപ്പിക്കുന്ന "എഡ്യൂക്കേഷണൽ ഗ്രിഡ്" സ്ഥാപിക്കുന്നതിനുള്ള പദ്ധതി**
**(708) ക്രീമിലെയറിൽ നിന്ന് ഒഴിവാക്കിയ സമുദായങ്ങൾ**
**(709) കേരള എഡ്യൂക്കേഷൻ റൂൾസിൽ മാറ്റം വരുത്താൻ നടപടി**
**(710) ഗതാഗത എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ**
**(711) താലൂക്ക്-വില്ലേജ് ഓഫീസുകൾ തമ്മിൽ ബന്ധിപ്പിക്കുന്നതിന് കമ്പ്യൂട്ടർ നെറ്റ് വർക്ക് നടപ്പാക്കുവാൻ നടപടി**

## സ്വാശ്രയമേഖലയിൽ ആരംഭിച്ച സാങ്കേതിക കോളേജുകൾ

686. ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം സ്വാശ്രയമേഖലയിൽ എത്ര സാങ്കേതികകോളേജുകൾക്ക് അനുമതി നൽകി;

(ബി) അവയിൽ എത്രയെണ്ണം പ്രവർത്തനമാരംഭിച്ചു;

(സി) എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന് ഇതിന്റെ ഫലമായി എത്ര സീറ്റു വർദ്ധിച്ചു;

(ഡി) എം.ബി.എ., എം.സി.എ. എന്നീ കോഴ്സുകൾക്ക് എത്ര സീറ്റുവീതം വർദ്ധിച്ചു എന്ന് വെളിപ്പെടുത്താമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സ്വാശ്രയ മേഖലയിൽ 65 സാങ്കേതിക കോളേജുകൾക്ക് അനുമതി നൽകി

(ബി) 12 എൻജിനീയറിംഗ് കോളേജുകളും 14 എം.സി.എ. സ്ഥാപനങ്ങളും 2001–02–ൽ പ്രവർത്തനം ആരംഭിച്ചു. 2002–03 അദ്ധ്യയനവർഷം അനുമതി നൽകിയ 23 എഞ്ചിനീയറിംഗ് കോളേജുകളും 11 എം.സി.എ., 5 എം.ബി.എ. സ്ഥാപനങ്ങളും ഈ അദ്ധ്യയനവർഷം തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) 7650 സീറ്റ്

(ഡി) എം.ബി.എ.ക്ക് 300 സീറ്റും
എം.സി.എ.ക്ക് 1305 സീറ്റും വർദ്ധിച്ചു.

**ദുബായ് ഡ്രൈഡോക്കിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി**

687. ശ്രീ. ബി. വിജയകുമാർ :
ശ്രീ. എ. സുജനപാൽ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിൽ തൊഴിലിടങ്ങളിൽ വച്ച് അപകടമരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ കിട്ടാൻ അർഹതയുണ്ട്;

(ബി) 2002 മാർച്ചിൽ ദുബായ് ഡ്രൈഡോക്കിൽവച്ചുണ്ടായ അപകടത്തിൽ എത്ര മലയാളികൾ മരണപ്പെട്ടു;

(സി) അവരുടെ ആശ്രിതർക്ക് ലഭിക്കുവാനുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. എം. എം. ഹസ്സൻ (ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി):-**

(എ) ഗൾഫ് രാജ്യങ്ങളിൽ തൊഴിലിടങ്ങളിൽ വച്ച് അപകടമരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് അതാത് രാജ്യങ്ങളിൽ നിലവിലുള്ള തൊഴിൽ നിയമങ്ങൾ അനുസരിച്ചുള്ള നഷ്ട പരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്.

(ബി) 2002 മാർച്ചിൽ ദുബായ് ഡ്രൈഡോക്ക് അപകടത്തിൽ നാല് മലയാളികൾ മരണപ്പെട്ടു.

(സി)യും (ഡി)യും

ദുബായിലുള്ള ഇന്ത്യൻ കോൺസുലേറ്റുമായി ബന്ധപ്പെട്ട് മരണപ്പെട്ടവരുടെ ആശ്രിതർക്ക് അർഹതപ്പെട്ട നഷ്ടപരിഹാര തുക ലഭ്യമാക്കുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ പ്രസ്തുത തുകയുടെ ഒരു ദാഗം മുൻകൂറായി നൽകാമെന്ന് കമ്പനി സമ്മതിക്കുകയും ഇക്കാര്യം മരണപ്പെട്ടവരുടെ ആശ്രിതരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനത്തിനായുള്ള പദ്ധതി**

688. ശ്രീ. സാജുപോൾ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യയിലെ തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനത്തിനായുള്ള പദ്ധതിയിൽ സംസ്ഥാനത്തെ ഏതെല്ലാം റോഡുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) ഇതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും പ്രാഥമിക സർവ്വേ നടത്തുന്നതിനും ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) സർവേ പ്രവർത്തനത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ;

(ഡി) പ്രോജക്ട് എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമമോ?

**ഉത്തരം**

**ശ്രീ. എം. കെ. മുനീർ (മരാമത്ത് വകുപ്പുമന്ത്രി):-**

(എ) (ബി) (സി) & (ഡി) തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനായി പ്രത്യേകമായ റോഡു വികസന പദ്ധതികൾ നിലവിലില്ല. എന്നാൽ നാഷണൽ ഹൈവേകളെ തുറമുഖങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ വഴി കേന്ദ്ര ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിൽ അരൂർ മുതൽ വൈറ്റില വരെയുള്ള എൻ.എച്ച്. 47 ന്റെ ഭാഗം നാലുവരിയാക്കുന്നതിനും കൂടാതെ വല്ലാർ പാടം ഐലന്റിനെ എൻ.എച്ച്. 17ഉം 47ഉം ആയി ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു പുതിയ റോഡ് നിർമ്മിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ പരിഗണിച്ചു വരികയാണ്.

## <u>എസ്.സി.ഇ.ആർ.ടി.യുടെ പ്രവർത്തനങ്ങൾ</u>

689. ഡോക്ടർ തോമസ് ഐസക് :

ശ്രീ. ടി. കെ. ബാലൻ :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സമഗ്ര വിദ്യാഭ്യാസ പരിഷ്കരണത്തിന് എസ്.സി.ഇ.ആർ.ടി. ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) വിദ്യാഭ്യാസ-ഗവേഷണ-പരിശീലന കൗൺസിലിന്റെ ആഭിമുഖ്യത്തിൽ എത്ര ഓപ്പൺ സ്കൂളുകൾ പ്രവർത്തിക്കുന്നു ;

(സി) ഓപ്പൺ സ്കൂളുകളുടെ പ്രവർത്തനവിജയം വെളിപ്പെടുത്തുമോ;

(ഡി) തുടർവിദ്യാഭ്യാസരംഗത്ത് ഓപ്പൺ സ്കൂളുകൾ വഹിക്കുന്ന പങ്ക് എത്രയെന്ന് വ്യക്തമാക്കുമോ;

(ഇ) ഓപ്പൺ സ്കൂളുകളുടെ പ്രവർത്തനം വിപുലീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) സമഗ്ര വിദ്യാഭ്യാസ പരിഷ്ക്കരണത്തിന് എസ്.സി.ഇ.ആർ.ടി. ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

* ഘട്ടം ഘട്ടമായിട്ടുള്ള പാഠ്യപദ്ധതി, സിലബസ്സ്, പാഠപുസ്തക പരിഷ്ക്കരണം
* എല്ലാ വിഷയങ്ങൾക്കും അദ്ധ്യാപകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകാൻ വേണ്ടിയുള്ള അദ്ധ്യാപക ഹാന്റ് ബുക്ക് തയ്യാറായിട്ടുണ്ട്. ഇത് പാഠപുസ്തക പരിഷ്ക്കരണത്തിന്റെ ഭാഗമായി ഇപ്പോൾ എട്ടാംതരംവരെ എല്ലാ വിഷയങ്ങൾക്കും തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്.
* ബൃഹത്തായ അദ്ധ്യാപക പരിശീലന പരിപാടി, സംസ്ഥാനത്തെ മുഴുവൻ സ്ക്കൂൾ അദ്ധ്യാപകരേയും പരിശീലിപ്പിക്കുന്നതിനുവേണ്ടി ആസൂത്രണം ചെയ്തിട്ടുണ്ട്. വിഷയ ബന്ധിതമായ പരിശീലന മോഡ്യൂൾ, അനുബന്ധോപകരണങ്ങൾ എന്നിവ തയ്യാറാക്കി നൽകിയിട്ടുണ്ട്. അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിനുള്ള കോർഗ്രൂപ്പിന്റെ പരിശീലനവും എസ്.സി.ഇ.ആർ.ടി. നൽകി വരുന്നു.
* ടീച്ചർ എഡ്യൂക്കേഷൻ, കരിക്കുലം പരിഷ്ക്കരണം, ടീച്ചർ എഡ്യൂക്കേറ്റർമാരുടെ പരിശീലനം തുടങ്ങിയവയും നിർവഹിക്കുന്നു.

* വിദ്യാഭ്യാസ രംഗത്ത നടന്നുവരുന്ന ഗവേഷണപരമായ കാര്യങ്ങളുടെ ഡോക്യുമെന്റേഷൻ, പഠനബോധന പ്രക്രിയയുടെ ഉന്നമനത്തിനുവേണ്ടിയുള്ള ഗവേഷണ പദ്ധതികൾ ആസൂത്രണം നടപ്പിലാക്കി വരുന്നു.
* വിദ്യാഭ്യാസ മാനേജ്മെന്റിൽ പരിശീലനം നൽകുന്നതിന് വേണ്ടി എസ്.ഐ.ഇ.എം.എ.റ്റിന്റെ പ്രവത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്.
* തുടർ വിദ്യഭ്യാസത്തിന്റെ ഭാഗമായി കേരളാ സ്റ്റേറ്റ് ഓപ്പൻ സ്കൂൾ എസ്.സി.ഇ.ആർ.ടി.യുടെ ഭാഗമായി പ്രവർത്തിച്ചുവരുന്നു.

(ബി) സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന കൗൺസിലിന്റെ കീഴിൽ കേരളാ സ്റ്റേറ്റ് ഓപ്പൻ സ്ക്കൂൾ എന്ന ഒരു സ്ഥാപനം മാത്രമേ പ്രവർത്തിക്കുന്നുള്ളു. ഇതിന്റെ കീഴിൽ 66 പഠന കേന്ദ്രങ്ങൾ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്നു,

(സി) കഴിഞ്ഞ വർഷം ഓപ്പൺ സ്ക്കൂൾ വഴി ഹയർ സെക്കന്ററി പരീക്ഷ എഴുതിയ 61520 വിദ്യാർത്ഥികളിൽ 35% വിദ്യാർത്ഥികൾ പാസ്സാവുകയുണ്ടായി. ഇവരിൽ പലർക്കും സംസ്ഥാനത്തിന് പുറത്ത് എൻജിനീയറിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്കും ഉപരിപഠനത്തിനും അഡ്മിഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പത്താം ക്ളാസ് വിജയിച്ചതും തുടർന്ന് ഔപചാരിക വിദ്യാഭ്യാസ കിട്ടാത്തതുമായ എല്ലാവർക്കും ഓപ്പൺ സ്ക്കൂൾ വഴി ഉപരി പഠനം നടത്താനുള്ള സൗകര്യം ലഭ്യമാക്കുന്നുണ്ട്. മറ്റ് പല സ്കീമുകളെക്കുറിച്ചും ചർച്ച നടന്നുവരികയാണ്.

(ഇ) ഉണ്ട്.

(എഫ്) ഓപ്പൺ സ്ക്കൂളിൽ ഹയർ സെക്കന്ററി കോഴ്സ് കൂടാതെ താഴെ കൊടുത്തിട്ടുള്ള പുതിയ അഞ്ച് കോഴ്സുകൾ കൂടി ആരംഭിക്കുവാൻ തീരുമാനമായിട്ടുണ്ട്.

Open SSC
Diploma in Adminstration and Office Management
Diploma in teaching of English
Diploma in Teaching of Geography
Diploma in Teaching of Science

**<u>ഗവൺമെന്റ് പ്ലസ് ടു സ്കൂളുകളിലും സ്വകാര്യ എയിഡഡ് പ്ലസ് ടു സ്കൂളുകളിലും വിദ്യാർത്ഥി പ്രവേശനത്തിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ</u>**

690. ശ്രീ. പി. ജയരാജൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്ലസ് ടു സ്കൂളുകളിലും സ്വകാര്യ എയിഡഡ് പ്ലസ് ടു സ്കൂളുകളിലും വിദ്യാർത്ഥി പ്രവേശനത്തിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാം;

(ബി) കോളേജുകളിൽ പ്രീഡിഗ്രിക്ക് ഏർപ്പെടുത്തിയിരുന്ന സംവരണ മാനദണ്ഡങ്ങളിൽ നിന്ന് എന്തെല്ലാം വ്യത്യാസങ്ങളാണ് പ്ലസ് ടു വിന്റെ പ്രവേശന കാര്യത്തിൽ വരുത്തിയിട്ടുള്ളത്;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സംവരണം പ്രീഡിഗ്രിക്ക് ഉണ്ടായിരുന്നതിനേക്കാൾ പ്ലസ് ടു-വിന് കുറവ് വരുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ കുറവ് വരുത്തിയതിന്റെ ഉദ്ദേശം എന്താണ്;

(ഇ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രവേശനത്തെ ദോഷകരമായി ബാധിക്കാത്ത രൂപത്തിൽ സംവരണ മാനദണ്ഡം പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) എസ്. എസ്. എൽ. സി. യോ തത്തുല്യ യോഗ്യതയോ ഉള്ളവരും അതാത് അദ്ധ്യായന വർഷങ്ങളിൽ ജൂൺ ഒന്നിന് 15 വയസ് തികഞ്ഞവരും 20 വയസ് കഴിയാത്തവരുമായ എല്ലാ വിദ്യാർത്ഥികളും ഹയർ സെക്കണ്ടറി പ്രവേശനത്തിന് അർഹരാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉയർന്ന പ്രായപരിധിയിൽ രണ്ട് വർഷത്തെ നിയമാനുസൃത ഇളവ് അനുവദിക്കുന്നുണ്ട്. പതിനഞ്ച് വയസ്സ് പൂർത്തിയാകാത്ത വിദ്യാർത്ഥികൾ ഹയർ സെക്കണ്ടറി പ്രവേശനത്തിന് ആഗ്രഹിക്കുന്നെങ്കിൽ ആറ് മാസത്തെ വയസ്സിളവ് അനുവദിക്കുന്നുണ്ട്. ബധിര മൂക

വിദ്യാർത്ഥികൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അഞ്ചുവർഷത്തെ വയസ്സിളവും അനുവദിക്കുന്നുണ്ട്.

പ്ളസ് ടു സ്ക്കൂൾ പ്രവേശനത്തിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചു വരുന്നു.

| | ഗവ. | പ്രൈവറ്റ് എയിഡഡ് | പ്രൈവറ്റ് എയിഡഡ് മൈനോറിറ്റി |
|---|---|---|---|
| ഓപ്പൺ മെറിറ്റ് | 72% | 42% | 32% |
| മാനേജ്മെന്റ് ക്വാട്ട | – | 20% | 20% |
| കമ്മ്യൂണിറ്റി ക്വാട്ട | – | 10% | 20% |
| പട്ടികജാതി | 12% | 12% | 12% |
| പട്ടികവർഗ്ഗം | 8% | 8% | 8% |
| സ്പോർട്ട്സ് ക്വാട്ട | 5% | 5% | 5% |
| വികലാംഗർ | 3% | 3% | 3% |

മൂന്നു ശതമാനം വികലാംഗ സംവരണത്തിൽ ഒരു ശതമാനം അന്ധർക്കായി നീക്കിവച്ചിട്ടുണ്ട്.

അഡ്മിഷന് വിദ്യാർത്ഥികളെ പരിഗണിക്കുംപോൾ താഴെപ്പറയുന്ന രീതിയിൽ ബോണസ് മാർക്ക് നൽകുന്നതാണ്.

1. എൻ.സി.സി. കേഡറ്റുകൾ – 10 മാർക്ക്
2. എക്സ് സർവ്വീസുകാരും അവരുടെ ആശ്രിതരും അവരുടെ മക്കളും–15 മാർക്ക്.
3. പ്രസിഡന്റിന്റെ ബാഡ്ജ് നേടിയിട്ടുള്ള സ്കൗട്ട്സ് ഗൈഡ്സ് – 10 മാർക്ക്
4. അതേ സ്ക്കൂളിൽ നിന്നുതന്നെ എസ്.എസ്.എൽ.സി. ജയിച്ചവർ – 5 മാർക്ക്

(ബി) കാര്യമായ വ്യത്യാസങ്ങൾ വരുത്തിയിട്ടില്ല. പ്രീഡിഗ്രിക്ക് സ്പോർട്ട്സ് ക്വാട്ട ഒരു ബാച്ചിനു രണ്ട് സീറ്റു വീതമായിരുന്നു. ഹയർ സെക്കണ്ടറി കോഴ്സിൽ ഇത് ആകെ സീറ്റിന്റെ അഞ്ച് ശതമാനമാണ്.

(സി) ഇല്ല.

(ഡി) സി–ലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇക്കാര്യം അലോചിച്ചു വരുന്നു.

**<u>കേരള -മഹാത്മാഗാന്ധി–കോഴിക്കോട് സർവ്വകലാശാലകളുടെ സിലബസ്</u>**

691. ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. എം. മുരളി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ–മഹാത്മാഗാനന്ധി–കോഴിക്കോട് സർവ്വകലാശാലകളുടെ സിലബസ്സിൽ മാർക്സിസ്റ്റ് ആശയങ്ങൾ തിരുക്കിക്കയറ്റിയതായി ആക്ഷേപമുണ്ടായിട്ടുണ്ടോ;

(ബി) പൊളിറ്റിക്കൽ സയൻസ്, ഹിസ്ററി എന്നീ വിഷയങ്ങളിൽ ഗാന്ധിജി, നെഹ്റു, ശ്രീനാരായണഗുരു, അയ്യൻകാളി എന്നിവർക്കും ഇഎം.എസ് നമ്പൂതിരിപ്പാടിനും നൽകിയിട്ടുള്ള സ്ഥാനങ്ങളെ പ്പറ്റി താരതമ്യപ്പെടുത്തിയിട്ടുണ്ടോ;

(സി) ദേശീയ പ്രസ്ഥാനം, ശ്രീനാരായണ പ്രസ്ഥാനം എന്നിവ ഈ വിഷയങ്ങളിൽ ഒഴിവാക്കുകയും കമ്മ്യൂണിസ്റ്റ് പാർട്ടി നടത്തിയ സമരങ്ങൾക്ക് പ്രാധാന്യം കൊടുക്കുകയും ചെയ്തിട്ടുണ്ടോ;

(ഡി) കോഴിക്കോട് സർവ്വകലാശാലയുടെ മലയാളം സിലബസ്സിൽ പുരോഗമന സാഹിത്യ പ്രസ്ഥാനത്തിനും ദേശാഭിമാനി സ്റ്റഡിസർക്കിളിനും പ്രാധാന്യം കൊടുത്തിട്ടുണ്ടോ?

**<u>ഉത്തരം</u>**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) കേരള സർവ്വകലാശാലയെ സംബന്ധിച്ച് ആക്ഷേപമുണ്ടായിട്ടുണ്ട്.

(ബി) കേരള സർവ്വകലാശാലയെ സംബന്ധിച്ച് ഗാന്ധിജി, നെഹ്റു, ശ്രീനാരായണഗുരു, അയ്യൻകാളി തുടങ്ങിയ മഹാത്മാക്കൾക്ക് കേരള സർവ്വകലാശാലയുടെ പരിഷ്കരിച്ച സിലബസ്സുകളിൽ വേണ്ടത്ര പ്രാധാന്യം നൽകിയിട്ടുണ്ട്. എം. ജി.

സർവ്വകലാശാലകൾ ഇപ്രകാരം ഒരു താരതമ്യപ്പഠനം നൽകിയിട്ടില്ല. സർക്കാർ തലത്തിലും ഇക്കാര്യത്തിൽ ഒരു താരതമ്യപ്പഠനം നടത്തിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന് പ്രാധാന്യം നൽകിയിട്ടുണ്ട്. അതിൽ ദേശാഭിമാനി സ്റ്റഡി സർക്കിളിനെകുറിച്ച് പരാമർശം ഉണ്ട്.

## പ്ളസ് ടു കോഴ്സിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി

692. ശ്രീ. ഇ.എം. അഗസ്തി :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് ടു കോഴ്സിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നിനും ഈ കോഴ്സ് ആധുനികവൽക്കരിക്കുന്നതിനും ഉദ്ദേശമുണ്ടോ;

(ബി) ശാസ്ത്ര–സങ്കേതികശാസ്ത്ര കോഴ്സുകളും തൊഴിൽ സാദ്ധ്യതയുള്ള കോഴ്സുകളും പ്ളസ് ടു–വിന് ആരംഭിക്കുവൻ ഉദ്ദേശ്യമുണ്ടോ;

(സി) ഈ കോഴ്സിന്റെ സിലബസ് പരിഷ്ക്കരിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ഡി) ഈ കോഴ്സിനുവേണ്ടി അക്കാഡമിക് കൗൺസിൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഈ കോഴ്സിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ഇൻസർവ്വീസ് കോഴ്സുകൾ ആരംഭിക്കാൻ പദ്ധതി ഉണ്ടോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) ഉണ്ട്. വിവിധ വിഷയങ്ങളിലെ പ്രഗത്ഭർ ഉൾപ്പെടുന്ന ഒരു കരിക്കുലം കമ്മിറ്റിയെ ഗവൺമെന്റ് നിയമിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ ശുപാർശകൾ അനുസരിച്ച നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇത്തരം കോഴ്സുകൾ ഇപ്പോൾതന്നെ പഠിപ്പിക്കുന്നുണ്ട്. ശാസ്ത്ര – സാങ്കേതിക ശാസ്ത്ര കോഴ്സുകൾക്കും തൊഴിൽ സാദ്ധ്യതയുള്ള കോഴ്സുകൾക്കും ഊന്നൽ നൽകിക്കൊണ്ട് വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

(സി) പാർട്ട് 1. ഇംഗ്ളീഷ്, പാർട്ട്–11 മലയാളം ഹിന്ദി, അറബി, തമിഴ് എന്നീ ഭാഷാവിഷയങ്ങളുടെ സിലബസ് പരിഷ്ക്കരിച്ച് ഈ വർഷം പുതിയ പുസ്തകങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പാർട്ട്–111 യിൽപ്പെട്ട ഐച്ഛിക വിഷയങ്ങൾക്ക് (ഭാഷകൾ ഒഴികെ) സി.ബി.എസ്.ഇ. സിലബസിന്റെ അടിസ്ഥാനത്തിൽ എസ്.ഇ.ആർ.ടി. തയ്യാറാക്കിയ സിലബസ്സാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

(ഡി) തൽക്കാലം പരിഗണനയിലില്ല.

(ഇ) ഈ കോഴ്സിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് എസ്.സി.ഇ.ആർ.ടി. ഇൻസർവ്വീസ് കോഴ്സ് നടത്തി വരുന്നുണ്ട്.

## ഭൂമി കയ്യേറ്റം തടയുന്നതിന് സമഗ്രമായ നിയമനിർമ്മാണം

693. ശ്രീ. ടി. കെ. ബാലൻ :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. ടി. കെ. ദേവകുമാർ :

ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതികെട്ടാനിലെ ഭൂമി കയ്യേറ്റം സംബന്ധിച്ച അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വനഭൂമി കയ്യേറ്റവും റവന്യു ഭൂമി കയ്യേറ്റവും തടയുന്നതിന് സമഗ്രമായ നിയമനിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിയമത്തിലെ പഴുതുകളും പോരായ്മകളും കയ്യേറ്റക്കാർക്ക് അനുകൂലമായ നിലപാട് സ്വീകരിക്കുന്നതിലേക്ക് ഉദ്യോഗസ്ഥൻമാരർ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**ഉത്തരം**

**ശ്രീ. കെ. എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി):-**

(എ) ആന്റ് (ബി) അന്വേഷണ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കാർഡമം ഹിൽ റിസർവ്വിലെ കയ്യേറ്റങ്ങൾ തടയുന്നതിന് റവന്യൂ, പോലീസ്, വനം വകുപ്പുകളുടെ സംയുക്ത പ്രവർത്തനം ജില്ലാ കളക്ടർ ഏക്കോപ്പിച്ച് നടപ്പിലാക്കുന്നതിനും ഇതിനായി ജോയിന്റ് ഇൻസ്പെക്ഷൻ സ്ക്വാഡ് നടപ്പിൽ വരുത്തുന്നതിനും അവർ കാലാകാലങ്ങളിൽ ഈ മേഖലയിൽ പരിശോധന നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പുതിയ നിയമ നിർമ്മാണത്തിന് ഇപ്പോൾ ഉദ്ദേശമില്ല.

## ഏകീകൃത പ്രീപ്രൈമറി വിദ്യാഭ്യാസം

694. ശ്രീ. വി. കെ. ചന്ദ്രൻ :

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാർവ്വത്രിക വിദ്യാഭ്യാസത്തിൽ പ്രീപ്രൈമറി വഹിക്കുന്ന പങ്ക് എത്രമാത്രമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കുട്ടികൾക്ക് പ്രൈമറി സ്കൂളുകളിലേക്ക് വരാൻ പ്രേരണയും സന്നദ്ധതയും പ്രദാനം ചെയ്യുന്ന പ്രീപ്രൈമറി സ്കൂളുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) പ്രീപ്രൈമറി വിദ്യാഭ്യാസരംഗത്ത് അനഭിലഷണീയമായ തരത്തിൽ കിടമൽസരവും വാണിജ്യവൽക്കരണവും നടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പ്രീപ്രൈമറി വിദ്യാഭ്യാസം ഏകീകൃത രൂപത്തിൽ കൊണ്ടു വരാൻ നടപടി കൈക്കൊള്ളുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) സാർവ്വത്രിക വിദ്യാഭ്യാസം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് ഗണ്യമായ പങ്ക് വഹിക്കാനുണ്ട്. 1986-ൽ നടപ്പിൽ വന്ന പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിലും, 1992ൽ പരിഷ്കരിച്ച വിദ്യാഭ്യാസ നയത്തിലും ഇക്കാര്യം വ്യക്തമായി പരാമർശിക്കപ്പെട്ടിട്ടുണ്ട്. പ്രീപ്രൈമറി ഘട്ടത്തിന് കുട്ടികളുടെ സ്വഭാവ രൂപീകരണത്തിലും മറ്റും ഗണ്യമായ പങ്ക് വഹിക്കാനുണ്ട്. ഈ ഘട്ടം പിന്നിടുന്ന വിദ്യാർത്ഥികളാണ് പ്രീപ്രൈമറി വിദ്യാഭ്യാസത്തിന്റെ ഭാഗമായുള്ള ഒന്നാം ക്ളാസ്സിൽ ചേർക്കപ്പെടുന്നത്. എല്ലാവർക്കും സാർവ്വത്രിക വിദ്യാഭ്യാസം എന്ന ദേശീയ ലക്ഷ്യം കൈവരിക്കുന്നതിന് 5 വയസ്സിനു താഴെയുളഅള എല്ലാ കുട്ടികളെയും പ്രീപ്രൈമറി സ്ക്കൂളുകളിൽ ചേർക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടിയിരിക്കുന്നു. കളികളിലൂടെ പഠിക്കുക എന്ന പഠന തന്ത്രമാണ് ഈ ഘട്ടത്തിൽ സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ ഘട്ടത്തിലെത്തുന്ന വിദ്യാർത്ഥികളുടെ പഠനം ആഹ്ളാദകരമാക്കാൻ സാധിക്കുകയെന്നത് പ്രൈമറി ഘട്ടത്തിൽ നിശ്ചിത പ്രായമെത്തുന്ന എല്ലാ കുട്ടികളെയും ചേർക്കുകയും അതുവഴി സാർവ്വത്രിക വിദ്യാഭ്യാസം എന്ന മഹത്തായ ലക്ഷ്യം കൈവരിക്കുകയും ചെയ്യുന്നതിന് സാധിക്കും.

(ബി) കുട്ടികൾക്ക് പ്രൈമറി സ്കൂളുകളിലേക്ക് വരാൻ പ്രേരണയും സന്നദ്ധതയും പ്രദാനം ചെയ്യുന്ന പ്രീപ്രൈമറി സ്കൂളുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും, ഏകീകരിക്കുന്നതിനും സർക്കാർ പരിഗണനയിലുള്ള 2001-ലെ കേരള പ്രീപ്രൈമറി വിദ്യാഭ്യാസ ഓർഡിനൻസിൽ ഏറെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന സർവ്വശിക്ഷാ അഭിയാൻ പദ്ധതി പ്രകാരവും പ്രീപ്രൈമറി സ്ക്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) സർക്കാർ പരിഗണനയിലുള പ്രീപ്രൈമറി വിദ്യാഭ്യാസ ഓർഡിനൻസ് ചട്ടങ്ങൾ രൂപീകരിച്ച് നടപ്പിലാക്കുമ്പോൾ പ്രശ്നങ്ങൾ പരിഹരിപ്പെടുന്നതാണ്.

(ഇ) ബിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## റവന്യൂ വകുപ്പിൽനിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾ

695. ശ്രീ. വി.ഡി. സതീശൻ:

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:

ശ്രീ. ടി.എൻ. പ്രതാപൻ:

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) റവന്യൂ ഭരണം സുതാര്യമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.;

(ബി) റവന്യൂ വകുപ്പ് നൽകേണ്ട വരുമാന സർട്ടിഫിക്കറ്റ്, ജാതിയും വരുമാനവും ചേർന്ന സർട്ടിഫിക്കറ്റ്, ക്രീമിലയറിൽപ്പെടുന്നില്ലെന്ന സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷ ലഭിച്ച തീയതി മുതൽ എത്ര ദിവസത്തിനകം കൊടുക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ;

(സി) റവന്യൂ വകുപ്പിൽനിന്നും മറ്റെന്തെല്ലാം സർട്ടിഫിക്കറ്റുകൾ ആണ് കൊടുക്കുന്നത്;

(ഡി) ഇവ അപേക്ഷ ലഭിച്ച തീയതി മുതൽ എത്ര ദിവസത്തിനുള്ളിൽ കൊടുക്കാൻ കഴിയും;

(ഇ) ഇത്തരം സർട്ടിഫിക്കറ്റുകൾ നൽകുന്നത് സംബന്ധിച്ച് ഉത്തരവുണ്ടായിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം നൽകുമോ;

(ജി) നിശ്ചിത തീയതിക്കകം സർട്ടിഫിക്കറ്റ് നൽകാത്തപക്ഷം അപേക്ഷകന് എന്തു വിധത്തിലുള്ള അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പ് മന്ത്രി):-**

(എ) പൊതുജനങ്ങളുമായി ബന്ധപ്പെട്ട റിക്കാർഡുകൾ സംബന്ധിച്ച വിവരം വളരെ പെട്ടെന്ന് ലഭിക്കുന്നതിനായി ഓഫീസ് പ്രവർത്തനം കമ്പ്യൂട്ടർവൽക്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആഫീസുകളിൽ അന്വേഷണ കൗണ്ടർ തുറക്കുകയും ഫയൽ വർക്ക്ഷോപ്പു നടത്തി ഫയലുകൾ തീർപ്പാക്കുകയും ഓഫീസുകളിൽ വരുന്ന പൊതുജനങ്ങളോട് വളരെ മാന്യമായി പെരുമാറുക, പൊതുജനങ്ങളുടെ പരാതികൾക്ക് പരിഹാരം കാണുന്നതിനായി പൊതുജന സമ്പർക്ക പരിപാടി നടത്തുക, പൊതുജനങ്ങളുടെ പരാതി സമയബന്ധിതമായി തീർപ്പു കൽപ്പിക്കുക, പരാതികൾ സ്വീകരിച്ച് രശീതി നൽകുക തുടങ്ങിയ വിവിധ നടപടികളും റവന്യൂ ഭരണം സുതാര്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുണ്ട്.

(ബി) വരുമാന സർട്ടിഫിക്കറ്റ്, കൈവശാവകാശ സർട്ടിഫിക്കറ്റ്, സോൾവൻസി സർട്ടിഫിക്കറ്റ്, അവകാശ സർട്ടിഫിക്കറ്റ് തുടങ്ങിയ സർട്ടിഫിക്കറ്റുകൾക്ക് വേണ്ടി ലഭിക്കുന്ന അപേക്ഷകളിൻ മേൽ ഒരാഴ്ചയ്ക്കുള്ളിൽ തീരുമാനമെടുത്ത് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുവാൻ നിർദ്ദേശിച്ചുകൊണ്ട് 12..6..1996 ലെ ജി.ഒ.(എം.എസ്) 300/96/ആർ.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ക്രീമിലയർ സർട്ടിഫിക്കറ്റ് 10 ദിവസങ്ങൾക്കുള്ളിൽ നൽകണമെന്ന് ജി.ഒ. (പി)നം.36/2000 എസ്.എസ്റ്റി. ഡവലപ്മെന്റ് ഡിപ്പാർട്ട്മെന്റ് തീയതി 27.5.2000 ൽ നിഷ്കർഷിക്കുന്നു. ജാതി സർട്ടഫിക്കറ്റുകൾക്കുള്ള അപേക്ഷയിൻമേൽ അപേക്ഷ ലഭിച്ച് മൂന്ന് ദിവസത്തിനുള്ളിൽ നടപടി സ്വീകരിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിന് 23.5.2002 ലെ 24298/ റ്റി2/ആർ.ഡി. നംപർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി)വരുമാന/ജാതി/അനന്തരാവകാശ/കൈവശാവകാശ/നേറ്റിവിറ്റി/റസിഡൻസ്/ വല്യുവേഷൻ/ലോക്കേഷൻ/തിരിച്ചറിയൽ/സോൾവൻസി/റിലേഷൻഷിപ്പ്/ ഡൊമിസൈൻ/ഡെസ്റ്റിറ്റ്യൂഷൻ/ വൈവാഹിക ബന്ധം തെളിയിക്കുന്ന/ഇൻഡിജെന്റ്/നോൺക്രീമിലയർ/ ഫാമിലി മെംബർഷിപ്പ്/പൗരത്വ/മിശ്രവിവാഹ സർട്ടിഫിക്കറ്റുകളാണ് റവന്യൂ വകുപ്പിൽ നിന്നും കൊടുക്കേണ്ടത്.

(ഡി) ഗസറ്റ് വിജ്ഞാപനം ആവശ്യമില്ലാത്ത സർട്ടിഫിക്കറ്റുകൾ ഏഴ് ദിവസത്തിനകവും, ക്രീമിലയർ സർട്ടിഫിക്കറ്റ് പത്ത് ദിവസത്തിനകവും, ജാതി സർട്ടിഫിക്കറ്റ് മൂന്ന് ദിവസത്തിനകവും നൽകുവാൻ ഉത്തരവ് നിലവിലുണ്ട്.

(ഇ) ഉണ്ട്.

(എഫ്) 12.6.96ലെ ജി.ഒ.(എം.എസ്) 300/96/ആർ.ഡി. സർക്കാർ ഉത്തരവ്.

2. 3.11.2001ലെ 5899/റ്റി2/01/ആർ.ഡി.നംപർ സർക്കാർ സർക്കുലർ.

3. 23.5.2002ലെ 24298/റ്റി2/02/ആർ.ഡി.നംപർ സർക്കാർ സർക്കുലർ

4.16.2.2000ലെ സർക്കാർ ഉത്തരവ് നംപർ (പി)15/2000/എസ്.സി.എസ്.റ്റി

5. 27.5.2000ലെ സർക്കാർ ഉത്തരവ് (പി) നംപർ 36/2000/എസ്.സി.എസ്.റ്റി

(ജി) ഏതെങ്കിലും കാരണവശാൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുവാൻ കഴിഞ്ഞില്ലെങ്കിൽ ആ വിവരം അപേക്ഷകനെ അറിയിക്കുകയും മേൽ

സാഹചര്യത്തിൽ മേലധികാരികൾക്ക് പരാതി നൽകാവുന്നതുമാണ്. മേലധികാരി സ്വമേധയാ രേഖകൾ പരിശോധിച്ച് ആവശ്യമെന്ന് കണ്ടാൽ അന്വേഷണം നടത്തി അഞ്ച് ദിവസങ്ങൾക്കുള്ളിൽ യുക്തമായ തീരുമാനം എടുത്ത് അപേക്ഷകനെ അറിയിക്കുന്നതുമാണ്.

**<u>മരാമത്ത് വകുപ്പിന്റെ ഘടനയിലും പ്രവർത്തനത്തിലും മാറ്റം വരുത്താനുള്ള തീരുമാനം</u>**

696. ശ്രീ. സി.ടി. അഹമ്മദ് അലി:
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ:
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി.കെ. അബ്ദുബ്ബ്:
ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) അധികാര വികേന്ദ്രീകരണത്തിന്റെ പശ്ചാത്തലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഘടനയിലും പ്രവർത്തനത്തിലും എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ. എം.കെ. മുനീർ (മരാമത്ത് വകുപ്പു മന്ത്രി):-**

(എ) &(ബി) അധികാര വികേന്ദ്രീകരണത്തിന്റെ ഒന്നാം ഘട്ടത്തിൽ പൊതുമരാമത്ത് വകുപ്പ് തൃതല പഞ്ചായത്ത് സംവിധാനത്തിനാവശ്യമായ ഉദ്യോഗസ്ഥൻമാരുടെ പുനർ വിന്യാസത്തിനുള്ള ഉത്തരവുകൾ തയ്യാറാക്കി വരുകയാണ്. ഇതിനു പുറമെ പൊതുമരാമത്ത് വകുപ്പിനുള്ളിൽ ആവശ്യമായ റീ ഓർഗനൈസേഷൻ നടത്തുന്നതിനുള്ള നിർദ്ദേശങ്ങളും തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

**<u>പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനായി കേന്ദ്രഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ള മാനദണ്ഡങ്ങൾ</u>**

697. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ:
ശ്രീ. വി.കെ.സി. മമ്മത്കോയ:
ശ്രീ. വി.കെ. ചന്ദ്രൻ:
ശ്രീ. എം.വി. ജയരാജൻ:താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) 2000-2005 കാലയളവിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനായി കേന്ദ്രഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ള മാനദണ്ഡങ്ങളിൽ എന്തൊക്കെ മാറ്റങ്ങളാണ് സംസ്ഥാനം നിർദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) പുതിയ മാനദണ്ഡങ്ങൾ സംസ്ഥാനത്തിന് ദോഷകരം ആണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തരത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഇതിന് പരിഹാരം കാണുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പു മന്ത്രി):-**

(എ) പ്രകൃതിക്ഷോഭം മൂലം നാശനഷ്ടമുണ്ടാകുന്ന റോഡുകളുടെയും സർക്കാർ കെട്ടിടങ്ങളുടെയും പുനർനിമ്മാണത്തിന് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽനിന്ന് തുക അനുവദനീയമല്ല. എന്നും പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശം 50 ശതമാത്തിലധികമാണെങ്കിൽ മാത്രമെ ദുരിതാശ്വാസത്തിന് അർഹത നേടുകയുള്ളുവെന്നും അനുശാസിച്ച് 2000-2003 കാലയളവിലേക്ക് ഏർപ്പെടുത്തിയ പുതിയ നിബന്ധനകൾ സംസ്ഥാനത്തിന് ഗുണകരമല്ല എന്നതിനാൽ റോഡുകളും സർക്കാർ കെട്ടിടങ്ങളും പൂർവ്വാവസ്ഥയിലാക്കുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങൾ നിലനിർത്തണമെന്നും കൃഷിനാശത്തിന് ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭ്യമാകണമെങ്കിൽ 50 ശതമാനത്തിലധികം നാശം സംഭവിച്ചിരിക്കണം എന്ന നിബന്ധന ഒഴിവാക്കണമെന്നും കേന്ദ്രസർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കുട്ടനാട്ടിലെ ബണ്ടുകൾക്ക് നാശനഷ്ടം സംഭവിച്ചാൽ ആയതിന്റെ പുനർനിമ്മാണ ചെലവ് ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കാൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പുതിയ മാനദണ്ഡങ്ങളിൽ മേൽപ്പറഞ്ഞ രണ്ട് മാനദണ്ഡങ്ങൾ സംസ്ഥാന താല്പര്യങ്ങൾ അനുഗുണമല്ല എന്നതിനാലാണ് അവ നടപ്പിലാക്കരുതെന്ന്

ആവശ്യപ്പെട്ടത്. കേരളത്തിന്റെ കാർഷിക മേഖലയിൽ 60 ശതമാനം കൃഷി ഭൂമിയിലും തെങ്ങ് ഉൾപ്പെടെയുള്ള തോട്ടവിളകളാണ്. ആകസ്മികമായുണ്ടാകുന്ന വെള്ളപ്പൊക്കവും ചുഴലിക്കാറ്റും മൂലം തെങ്ങുകളും റബ്ബർ വൃക്ഷങ്ങളും നശിക്കാറുണ്ട്. ഇപ്രകാരം സംഭവിക്കുന്ന നഷ്ടം എപ്പോഴും 50 ശതമാനത്തിലധികം കവിയണമെന്നില്ല. കാർഷിക വിളകളുടെ രൂക്ഷമായ വിലയിടിവും ദുരിതാശ്വാസം ലഭിക്കാത്ത അവസ്ഥയും കർഷകരുടെ ദുരിതം കഠിനമാക്കും. കാലവർഷക്കെടുതികൾ സംസ്ഥാനത്തെ ഗ്രാമീണമേഖലയെയാണ് കൂടുതലായും ബാധിക്കുന്നത്. മലവെള്ളത്തിന്റെ കുത്തൊഴുക്കിൽ ബണ്ഡുകളും റോഡുകളും കെട്ടിടങ്ങളും വൻതോതിൽ നശിക്കാറുണ്ട്. ഇവ സംസ്ഥാനത്തിന്റെ മാത്രം വിഭവം ഉപയോഗിച്ച് പൂർവ്വാവസ്ഥയിലാക്കുക എന്നത് തികച്ചും പ്രയാസകരമാണ്. ഈ ഘടകങ്ങളാണ് മേൽപറഞ്ഞ വ്യവസ്ഥകൾ നടപ്പിലാക്കരുത് എന്ന് അവശ്യപ്പെടുവാൻ പ്രേരകമായത്.

(സി) മേൽപറഞ്ഞ നിബന്ധനകൾ സംസ്ഥാനത്തിന് ഗുണപ്രദമല്ല എന്നും, അവ നടപ്പിലാക്കരുതെന്നും കേന്ദ്ര കൃഷി മന്ത്രാലയത്തെ വീണ്ടും വീണ്ടും ധരിപ്പിച്ചിട്ടുണ്ട്.

## എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷാപേപ്പറുകളുടെ പുന:പരിശോധന

698. ശ്രീ. പി.എസ്. സുപാൽ:

ശ്രീ. കെ.പി. രാജേന്ദ്രൻ:

ശ്രീഎം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഹയർ സെക്കണ്ടറി പരീക്ഷാപേപ്പറുകളുടെ പുന:പരിശോധനയിൽ റാങ്കുകളിൽ വ്യത്യാസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരീക്ഷാപേപ്പറുകൾ നോക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി)_ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി പരീക്ഷാ പേപ്പറുകൾ പുന:പരിശോധന നടത്തുന്നതിന് എത്ര വിദ്യാർത്ഥികൾ അപേക്ഷിച്ചിരുന്നു; ഇതിൽ എത്രപേരുടെ മാർക്കുകളിൽ വ്യത്യാസം വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പരീക്ഷാപേപ്പറുകൾ പുനപരിശോധിക്കന്നതിനുള്ള ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടോ; നേരത്തെ ഫീസ് എത്രയായിരുന്നുവെന്നും ഇപ്പോൾ വർദ്ധിപ്പിച്ചതെത്രയയെന്നും വ്യക്തമാക്കുമോ;

(ഇ) എസ്.എസ്.എൽ.സി പരീക്ഷാപേപ്പർ പുന:പരിശോധനയുമായി ബന്ധപ്പെട്ട കേസുകൾ ഇപ്പോൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>**ഉത്തരം**</u>

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പ് മന്ത്രി):-**

(എ) പുന:പരിശോധനയിൽ റാങ്കുകളിൽ വ്യത്യാസമുണ്ടായിട്ടില്ല. എന്നാൽ ചില റാങ്കുകൾക്ക് പുതിയ അവകാശികൾ ഉണ്ടായിട്ടുണ്ട്.

(ബി) എസ്.എസ്.എൽ.സി പരീക്ഷാപേപ്പറുകൾ നോക്കുന്നതിൽ വീഴ്ച വന്നാൽ ആ പേപ്പർ മൂല്യനിർണ്ണയം നടത്തിയവരെ പിന്നീട് അഞ്ചു വർഷത്തേയ്ക്ക് പ്രസ്തുത പരീക്ഷാ ജോലികളിൽ നിന്നും മാറ്റി നിർത്താറുണ്ട്. ഗുരുതരമായ വീഴ്ചയാണെങ്കിൽ അവർക്കെതിരെ നിയമം അനുശാസിക്കുന്ന ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

ഹയർ സെക്കന്ററി പരീക്ഷാ പേപ്പർ പുന:പരിശോധനയിൽ മാർക്കുകളിൽ പത്ത് ശതമാനത്തിലേറെ വ്യത്യാസം വന്നാൽ ബന്ധപ്പെട്ട വിഷയം മൂൽനിർണ്ണയം ചെയ്ത അദ്ധ്യാപകരുടെ പക്കൽനിന്നും 100 രൂപ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കഴിഞ്ഞ എസ്.എസ്.എൽ.സി പരീക്ഷാപേപ്പറുകൾ പുന:പരിശോധന നടത്തുന്നതിന് ജൂൺ 15 വരെ 4763 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ 3898 പേരുടെ മാർക്കുകളിൽ ഒരു മാർക്കെങ്കിലും വ്യത്യാസം വന്നിട്ടുണ്ട്.

(ഡി) എസ്.എസ്.എൽ.സി പരീക്ഷാപേപ്പറുകൾ പുന:പരിശോധിക്കുന്നതിനുള്ള ഫീസ് 3.10.2001-ലെ ജി.ഒ.ആർ.റ്റി. 3668/2001/പൊ.വി.വ നംപർ ഉത്തരവ് പ്രകാരം 400/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നേരത്തെ ഈ ഫീസ് 250/- രൂപയായിരുന്നു.

ഹയർ സെക്കന്ററി പരീക്ഷാ പേപ്പറുകൾ പുന:പരിശോധിക്കുന്നതിനുള്ള ഫീസ് വർദ്ധിപ്പിച്ചിട്ടില്ല. ഒരു വിഷയത്തിന് 100 രൂപയാണ് ഇതിനുള്ള ഫീസ്.

(ഇ) എസ്.എസ്.എൽ.സി പരീക്ഷാപേപ്പറുകൾ പുന:പരിശോധനയുമായി ബന്ധപ്പെട്ട് മൂന്ന് കേസുകൾ നിലവിലുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## തൊഴിലധിഷ്ഠിത ഹയർസെക്കന്ററി വിദ്യാഭ്യസം

699.. ശ്രീ. പിരപ്പൻകോട് മുരളി:
ശ്ര. എ.കെ. ബാലൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിൽ എത്ര സ്കൂളുകളിൽ തൊഴിവധിഷ്ഠിത കോഴ്സുകൾ നടത്തുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം കോഴ്സുകളാണ് ഈ സ്കൂളുകളിൽ നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) കേരളത്തിലെ തൊഴിലധിഷ്ഠിത ഹയർസെക്കന്ററി വിദ്യാഭ്യാസം സെൻട്രലിസ്പോൺസേർഡ് സ്കീം ആയി അംഗീകരിക്കപ്പെട്ടശേഷം ലഭിക്കുന്ന കേന്ദ്ര സഹായത്തിന്റെ തോത് വെളിപ്പെടുത്തുമോ;

(ഡി) ഈ റോഡുകൾ കൂടി പഞ്ചായത്തുകൾക്ക് കൈമാറുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) തൊഴിലധിഷ്ഠിത ഹയർസെക്കന്ററി വിദ്യാഭ്യാസം ആകർഷകമായ കോഴ്സുകൾ ഉൾപ്പെടുത്തി കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പ് മന്ത്രി):-**

(എ) സംസ്ഥാനത്തെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിൽ 247 സർക്കാർ സ്ക്കൂളുകളിലും, 128 എയിഡഡ് സ്ക്കൂളുകളിലും ആയി ആകെ 375 സ്ക്കൂളുകളിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ നടന്നുവരുന്നു.

(ബി) ഈ സ്ക്കൂളുകളിൽ 44 വിവിധ കോഴ്സുകൾ പ്രവർത്തിച്ചുവരുന്നു. അവയുടെ പേരു വിവരങ്ങൾക്കായി പ്രോസ്പെക്ടസ് അടക്കം ചെയ്യുന്നു.

(സി) കേരളത്തിലെ തൊഴിലധിഷ്ഠിത ഹയർസെക്കന്ററി വിദ്യാഭ്യാസം സെൻട്രലിസ്പോൺസേർഡ് സ്കീം ആയി അംഗീകരിക്കപ്പെട്ടശേഷം ലഭിക്കുന്ന കേന്ദ്ര സഹായത്തിന്റെ തോത് ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| (1) | അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് | – | 100% |
| (2) | ഇവാലുവേഷൻ ആന്റ് മോണിറ്ററിംഗ് | – | 100% |
| (3) | ജില്ലാ വൊക്കേഷണൽ സർവ്വേ | – | 100% |
| (4) | കരിക്കുലം വികസന വർക്ക്ഷോപ്പ് | – | 100% |
| (5) | ഇൻസ്ട്രക്ഷൻ മെറ്റീരിയൽ വികസന വർക്ക്ഷോപ്പ് | – | 100% |
| (6) | പാഠപുസ്തക വികസന വർക്ക്ഷോപ്പുകൾ | – | 100% |
| (7) | റിസോഴ്സ് പേഴ്സണൽ ട്രെയിനിംഗ് കോഴ്സുകൾ | – | 100% |
| (8) | ഇൻസ്ട്രക്ഷൻ മെറ്റീരിയൽസ് സബ്സിഡി | – | 100% |
| (9) | അദ്ധ്യാപക ട്രെയിനിംഗ് കോഴ്സുകൾ | – | 100% |
| (10) | വിദ്യാലയങ്ങൾക്കുള്ള ഉപകരണങ്ങൾ | – | 100% |
| (11) | ലബോറട്ടറി കെട്ടിട/വർക്ഷെഡ് | – | 100% |
| (12) | വോക്കേഷണൽവിങ് ഓഫ് ഡയറക്ടറേറ്റ് ഓഫ് എഡ്യൂക്കേഷൻ | – | 100% |
| (13) | ജില്ല വൊക്കേഷണൽ വിംഗ് | – | 50% |
| (14) | എസ്.സി.ഇ.ആർ.ടി. വൊക്കേഷണൽ വിംഗ് | – | 50% |
| (15) | വൊക്കേഷണൽ സ്ക്കൂൾ | – | 75% |

| | ഉദ്യോഗസ്ഥർ | | |
|---|---|---|---|

(ഡി) പുന:സംഘടിപ്പിച്ച് സ്റ്റേറ്റ് കൗൺസിൽ ഓഫ് വൊക്കേഷണൽ ഭാരവാഹകളുടെയും കരിക്കുലം കമ്മിറ്റിയുടെയും നിർദ്ദേശങ്ങൾക്ക് വിധേയമായി ആകർഷകവും കാലാനുസൃതവുമായ കോഴ്സുകൾ ഉൾപ്പെടുത്തി കൂടുതൽ വിദ്യാലയങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്. ആകർഷകമായ കോഴ്സുകൾ ഉൾപ്പെടുത്തുന്നതിനായി പ്ലാനിംഗ് ബോർഡിന്റെ നേതൃത്വത്തിൽ വൊക്കേഷണൽ സർവ്വേ നടത്തുന്നതാണ്.

## നിയമവിദ്യാഭ്യാസ രംഗത്ത് അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന സ്ഥാപനം

700. ശ്രീ. ജി. പ്രാതാപവർമ്മ തമ്പാൻ:
ശ്രീ. ടി.എൻ. പ്രതാപൻ:
ശ്രീ. ബി. വിജയകുമാർ:
ശ്രീ. കെ.സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ)_നിയമവിദ്യാഭ്യാസ രംഗത്ത് അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന സ്ഥാപനത്തന് രൂപം കൊടുക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനം കോളേജായാണോ സർവ്വകലാശാലയായാണോ ആരംഭിക്കുന്നത്;

(സി) ഈ സ്ഥാപനത്തിന് രൂപം കൊടുക്കുന്നതിനെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പു മന്ത്രി):-**

(എ) കേരള ബാർകൗൺസിലന്റെ ആഭിമുഖ്യത്തിൽ സ്വാശ്രയാടിസ്ഥാത്തിൽ എറണാകുളത്ത് ഉന്നത നിലവാരത്തിലുള്ള ഒരു ലോ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച സാദ്ധ്യതാ റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

(ബി) ആരംഭഘട്ടത്തിൽ കോളേജ് ആയാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) സ്വാശ്രയ മേഖലയിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന കോളേജിന്റെ രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു ഇംപ്ലിമെന്റേഷൻ കമ്മിറ്റി (ടാക്സ് ഫോഴ്സ്) താഴെപറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുണ്ട്.

1. ശ്രീ. എസ്. ഗോപകുമാരൻ നായർ, ചെയർമാൻ, ബാർ കൗൺസിൽ ഓഫ് കേരള
2. ഡോ. എൻ. നാരായണൻ നായർ, ചെയർമാൻ, എക്സിക്യൂട്ടീവ് കമ്മിറ്റി, ബാർ കൗൺസിൽ ഓഫ് കേരള
3. ശ്രീ. കെ.ബി. മോഹൻദാസ്, മെംപർ, കൗൺസിൽ ഓഫ് കേരള
4. ശ്രീ. വി.കെ. ബീരാൻ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, കേരള
5. ഡോ. കെ.എൻ. ചന്ദ്രശേഖരൻപിള്ള, ഡീൻ കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല
6. പ്രൊഫ. എം.എം. മാധവൻ പോറ്റി, പ്രിൻസിപ്പൽ ഗവ. ലോകോളേജ്, തിരുവനന്തപുരം
7. ശ്രീ. കെ. മോഹൻദാസ്, പ്രിൻസിപ്പൽ സെക്രട്ടറി ഉന്നത വിദ്യാഭ്യാസ വകുപ്പ് (കൺവീനർ)

## സ്വകാര്യ ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്നതിന്റെ മാനദണ്ഡം

701. ശ്രീ. സി. മോയിൻ കുട്ടി:
ശ്രീ. പി.കെ. അബ്ദുറബ്ബ്:
ശ്രീ. ടി.പി.എം. സാഹിർ:
ശ്രീ. പി.കെ.കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സ്വകാര്യഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്നതിന്റെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഭൂമി പൊന്നും വിലയ്ക്ക് എടുക്കുന്നതിന് മുൻപ് ഉടമസ്ഥന് നൽകാനുള്ള പണം മുൻകൂറായി അടയ്ക്കണമെന്ന് വ്യവസ്ഥ നിലവിൽ ഉണ്ടോ;

(സി) അക്വയർ ചെയ്യാനുദ്ദേശിക്കുന്ന ഭൂമിക്ക് സർക്കാർ വില കണക്കാക്കുന്നതിന്റെ മാദണ്ഡം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പു മന്ത്രി):-**

(എ) കേന്ദ്രസർക്കാർ, സംസ്ഥാനസർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ ആവശ്യങ്ങൾക്കുവേണ്ടി സ്ഥലമെടുപ്പ് 1894 ലെ ലാന്റ് അക്വിസിഷൻ ആക്റ്റിൽ പ്രതിപാദിക്കുന്ന നടപടി ക്രമങ്ങൾ അനുസരിച്ച് നടത്തുന്നു.

(ബി) ഉണ്ട്. ഭൂമി കൈവശത്തിലെടുക്കുന്നതിന് മുൻപായി അർത്ഥനാധികാരി ഭൂമിയുടെ ഉടമസ്ഥന് നൽകാനുള്ള പണം മുൻകൂറായി ജില്ലാ കളക്ടറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കണം.

(സി) അക്വയർ ചെയ്ത വസ്തുവിന്റെ പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞാലുടൻ ഭൂമിയുടെ വില നിശ്ചയിക്കുന്നതിനായി ബന്ധപ്പെട്ട സബ്രജിസ്ട്രാർ ഓഫീസിൽനിന്നും 4(1) വിജ്ഞാപനത്തിനു മൂന്ന് വർഷം മുൻപുള്ള ഒന്നിലധികം ആധാരപ്പകർപ്പുകൾ ശേഖരിക്കുന്നു. ഏറ്റെടുക്കുന്ന വസ്തുവിന്റെ സമാനസ്വഭാവമുള്ള ആധാരത്തിന്റെ വില ഏറ്റെടുക്കുന്ന വസ്തുവിനും നിശ്ചയിക്കുന്നു. ഈ വിലയോടൊപ്പം ഏറ്റെടുക്കുന്ന വസ്തുവിലുള്ള വൃക്ഷങ്ങൾ മുതലായവയുടെ വിലയും കെട്ടിടം മുതലായവ ഉണ്ടെങ്കിൽ ആയതിന് ബന്ധപ്പെട്ട പി.ഡബ്ല്യൂ.ഡി. എഞ്ചിനീയർ നിശ്ചയിച്ച വിലയും ഉൾപ്പെടെ ഭൂമിക്ക് മാർക്കറ്റ് വില നിശ്ചയിച്ചയിക്കുന്നു. ഈ മാർക്കറ്റ് വിലയിൽ മേൽ 30% ആശ്വാസധനവും (സൊലേഷ്യം) 4(1) വിജ്ഞാപനം വന്ന തീയതി മുതൽ വസ്തു കൈവശപ്പെടുത്തുന്ന തീയതിവരെ മാർക്കറ്റ് വിലയിൽ 12% വദ്ധനവും ഉൾപ്പെടെയുള്ള തുക ഭൂമിയുടെ ഉടമസ്ഥന് നൽകുന്നു.

## നിയമവിദ്യാഭ്യാസം മെച്ചപ്പെടുത്തന്നതിന് പുതിയ പദ്ധതികൾ

702. ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിൽ നിയമവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി)നിയമവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വർദ്ധിച്ചുവരുന്ന ഇന്നത്തെ കാലഘട്ടത്തിൽ കേരളത്തിൽ ഒരുനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി)കേരളത്തിലെ ലോകോളേജുകളിൽ നിലവിലുള്ള പഴയ സിലബസ് പരിഷ്ക്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പ് മന്ത്രി):-**

(എ) സമകാലീനപ്രാധാന്യമുള്ള നിയമങ്ങൾ ഉൾപ്പെടുത്തി സിലബസും സ്കീമും പരിഷ്ക്കരിക്കുക, ത്രിവൽസര എൽ.എൽ.ബി. കോഴ്സിനുള്ള പ്രവേശനവും എൻട്രൻസ് പരീക്ഷയുടെ അടിസ്ഥാനത്തിലാക്കുക, സായാഹ്ന കോളേജുകൾ നിർത്തലാക്കുക, സെമസ്റ്ററൈസേഷൻ ഏർപ്പെടുത്തുക തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്.

(ബി) ബാർ കൗൺസിൽ ഓഫ് കേരളയുടെ കീഴിൽ ഉന്നത നിലവാരമുള്ള ഒരാധുനിക ലോകോളേജ് സ്വാശ്രയ മേഖലയിൽ തുടങ്ങാൻ നടപടി സ്വീകരിച്ചു വരുന്നു.

(സി) ഉണ്ട്.

(ഡി) ബാർ കൗൺസിൽ ഓഫ് ഇൻത്യയുടെ നിർദ്ദേശം അനുസരിച്ച് പഴയ വിഷയങ്ങൾക്ക് പുറമേ സമകാലീന പ്രധാന്യമുള്ള ഉപഭോക്തൃത സംരക്ഷണ നിയമം ബാങ്കിംഗ്, ലാൻഡ് ലോഡ്, പരിസ്ഥിതി-വനമൃഗ സംരക്ഷണം, മനുഷ്യാവകാശ നിയമം, ബൗദ്ധിക സ്വത്ത് നിയമം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തുകയും സെമസ്റ്ററൈസേഷൻ ഏർപ്പെടുത്തിയും പ്രായോഗീക പരിശീലനത്തിന് ഊന്നൽ നൽകിയുമാണ് സിലബസ് പരിഷ്ക്കരിച്ചിരിക്കുന്നത്.

## ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലുള പഞ്ചായത്ത് സ്കൂളുകൾ

703. ശ്രീ. സി.മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗ്രാമപഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ ഉള്ള സുകൂളുകളിലെ അദ്ധ്യാപക നിയമനം എപ്രകാരമാണ് നടത്തുന്നത്;

(ബി) പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നത് ആരാണ്;

(സി) ഈ അദ്ധ്യാപകർക്ക് സ്ഥലംമാറ്റത്തിനുള്ള സൗകര്യങ്ങൾ ലഭ്യമാണോ;

(ഡി) സർക്കാരിന് അധിക ബാദ്ധ്യതയില്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലുള്ള പഞ്ചായത്ത് സ്കൂളുകൾ സർക്കാർ ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പ് മന്ത്രി):-**

(എ) 6.10.1995-ലെ സ:ഉ(എം.എസ്) നംപർ 218/95/തഭവ പ്രകാരം സംസ്ഥാനത്തെ പഞ്ചായത്ത് സ്കൂളുകളിലെ നിയമങ്ങൾ പി.എസ്.സി.ക്ക് വിട്ടുകൊടുത്തുകൊണ്ട് ഉത്തരവായി. മേൽ ഉത്തരവ് പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി കേരള എഡ്യൂക്കേഷൻ റൂളിൽ ഭേദഗതി വരുത്തിക്കൊണ്ട് ജി.ഒ.(പി)110/2000/പൊ.വി. തീയതി 3.4.2000 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചു. തദനുസരണം നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തിക്കൊണ്ട് 1973-ലെ പബ്ലിക് സർവ്വീസ് കമ്മീഷൻ (Additional functions as respects the service under Local Authorities) ആക്ട് ഭേദഗതി വരുത്തുന്നതിന് ഭരണ പരിഷ്ക്കാര വകുപ്പ് നടപടി കൈക്കൊണ്ട് വരുന്നു. ബന്ധപ്പെട്ട പി.എസ്.സി ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലഭിക്കുന്ന അപേക്ഷകരുടെ പട്ടികയിൽനിന്ന് നിലവിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപക നിയമനങ്ങൾ താൽക്കാലികമായി നടത്താവുന്നതാണ്.

(ബി) സർക്കാരാണ് ശംപളം നൽകുന്നത്

(സി) പൊതുമാനദണ്ഡങ്ങൾക്ക് വിധേയമായും കെ.ഇ.ആറിലെ നിബന്ധനകൾക്ക് വിധേയമായും സ്ഥലം മാറ്റത്തിനുള്ള സൗകര്യങ്ങൾ ലഭ്യമാണ്.

(ഡി) തത്ക്കാലം പരിഗണനയിലില്ല.

**റവന്യൂ-വനം വകുപ്പുകൾ സംയുക്ത സർവ്വേ നടത്തി പട്ടയം നൽകാൻ ശുപാർശ ചെയ്ത ഭൂമി**

704. ശ്രീ. ബിനോയ് വിശ്വം :

ശ്രീ. എം. കുമാരൻ :

ശ്രീ. പി.എസ്. സുപാൽ :

ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ-വനം വകുപ്പുകൾ സംയുക്ത സർവ്വേനടത്തി എത്ര ഹെക്ടർ സ്ഥലത്തിന് പട്ടയം നൽകാനാണ് ശുപാർശ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ഭൂമിക്ക് പട്ടയം നൽകുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമുണ്ടോ ;

(സി) ഉണ്ടെങ്കിൽ കേന്ദ്ര അനുമതിക്കുവേണ്ടി ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിൻമേൽ കേന്ദ്രഗവൺമെന്റ് ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ?

**ഉത്തരം**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി):-**

(എ) പത്തനംതിട്ട, കോട്ടയം, മലപ്പുറം, കണ്ണൂർ, വയനാട് എന്നീ ജില്ലകളിലായി ഏകദേശം 1200 ഹെക്ടർ സ്ഥലത്തിന് പട്ടയം നൽകാനാണ് ശുപാർശ ചെയ്തിട്ടുള്ളത്.

(ബി) കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യമാണ്.

(സി&ഡി) 1-1-1977-ന് മുൻപുള്ള വനഭൂമി കൈവശങ്ങൾ ക്രമീകരിക്കൽ പ്രകാരം റവന്യൂ-വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി കേന്ദ്രസർക്കാരിന്റെ അനുമതിക്കായി അയച്ചുകൊടുക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**അൺഎയിഡഡ് പ്ലസ് ടു സ്കൂളുകൾ അനുവദിക്കുന്നതുമൂലം ഉണ്ടാകുന്ന പ്രശ്നം**

705. ശ്രീ. മത്തായി ചാക്കോ :

ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺഎയിഡഡ് പ്ളസ് ടു സ്കൂൾ അനുവദിക്കുന്നതുമൂലം സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളും സ്വകാര്യ എയിഡഡ് പ്ളസ് ടൂ സ്കൂളുകളും അൺ എക്കണോമിക് ആകുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) അൺഎയിഡഡ് പ്ളസ് ടു സ്കൂളുകൾ അനുവദിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള മാനദണ്ഡമോ നിയന്ത്രണമോ ഏർപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ?

**<u>ഉത്തരം</u>**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) സാദ്ധ്യതയില്ല

(ബി) ഉത്തരം (എ) യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) അഡ്മിഷൻ നൽകുമ്പോൾ പാലിക്കേണ്ട സംവരണം, ഫീസ് നിരക്കുകൾ, അദ്ധ്യാപകരുടെ യോഗ്യതകൾ. സ്കൂളിനുണ്ടായിരിക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**<u>പൊതുമരാമത്ത് വകുപ്പു നടത്തുന്ന പണികളുടെ ഗുണനിലവാരം പരിശോധിക്കുവാൻ സംവിധാനം</u>**

706. ശ്രീ. വർക്കല കഹാർ :
ശ്രീ. ലൂഡി ലൂയീസ് :
ശ്രീ. എൻ.ഡി. അപ്പച്ചൻ :
ശ്രീ. എം. മുരളി :
ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പു നടത്തുന്ന പണികളുടെ ഗുണനിലവാരം പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനമുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഓരോ വർക്കിന്റേയും പണി പൂർത്തിയാക്കി ഫൈനൽ ബിൽ നൽകുന്നതിന് മുൻപായി ആ വർക്കിന്റെ ഗുണനിലവാരം ഈ വിഭാഗത്തെ കൊണ്ട് അന്വേഷിപ്പിക്കുമോ ;

(സി) ഈ വിഭാഗം ഏതെങ്കിലും വർക്കിന്റെ ഗുണനിലവാരം ഇതിനകം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അവയുടെ ഗുണനിലവാരം തൃപ്തികരമായിരുന്നുവോ ?

**<u>ഉത്തരം</u>**

**ശ്രീ. എം.കെ. മുനീർ (പൊതുമരാമത്തുവകുപ്പുമന്ത്രി):-**

(എ,ബി,&സി): പൊതുമരാമത്തുവകുപ്പിലെ എൻജിനീയർമാർ, പണികളുടെ മേൽനോട്ടം വഹിക്കുമ്പോൾ പണിക്കുപയോഗിക്കുന്ന സാധനങ്ങളുടേയും പണികളുടേയും ഗുണനിലവാരം നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായ രീതിയിലായിരിക്കുന്ന കാര്യത്തിൽ നിഷ്കർഷിക്കണമെന്ന് നിബന്ധനയുണ്ട്. റോഡ്, പാലം പണികളുടെ ഗുണനിലവാരം സംബന്ധിച്ച് പ്രത്യേക മേൽനോട്ടം വഹിക്കുന്നതിന് ചീഫ് എൻജിനീയറുടെ നിയന്ത്രണത്തിൽ ഒരു ക്വാളിറ്റി കൺട്രോൺ ഗ്രൂപ്പ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**<u>ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളേയും കോളേജുകളേയും തമ്മിൽ ബന്ധിപ്പിക്കുന്ന "എഡ്യൂക്കേഷണൽ ഗ്രിഡ്" സ്ഥാപിക്കുന്നതിനുള്ള പദ്ധതി</u>**

707. ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എ.കെ. ബാലൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളേയും കോളേജുകളേയും തമ്മിൽ ബന്ധിപ്പിക്കുന്ന "എഡ്യൂക്കേഷണൽ ഗ്രിഡ്"

സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി സംസ്ഥാനഗവൺമെന്റ് കേന്ദ്രഗവൺമെന്റിന്റെ സഹായത്തിനായി സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതി എന്നാണ് സമർപ്പിച്ചത് ;

(ഡി) സംസ്ഥാന ഗവൺമെന്റ് ഈ പദ്ധതിക്ക് എന്ത് തുക വകയിരുത്തിയിട്ടുണ്ട് ;

(ഇ) പദ്ധതിയുടെ അംഗീകാരം കേന്ദ്രത്തിൽനിന്ന് ലഭിക്കുന്നതിന് നടപടി ത്വരിതപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) ഉദ്ദേശം 57.85 കോടി രൂപയുടെ മുതൽ മുടക്കോടെ, മൂന്നുവർഷം കൊണ്ട് 60 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ബന്ധപ്പെടുത്താനുള്ള പദ്ധതിയാണ് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് തയ്യാറാക്കിയത്. 64 കെ.ഡി.പി.എസ് ലിങ്ക് കോളേജുകൾക്ക് നൽകി, എല്ലാ സ്ഥാപനങ്ങളിലും ആധുനിക സർവറുകൾ സ്ഥാപിച്ച് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഐ.ടി. സൗകര്യങ്ങളും വിദഗ്ദ്ധ ഫാക്കൽറ്റിയുടെ സേവനവും ഇൻഫർമേഷൻ റിസോഴ്സസും ലഭ്യമാക്കാൻ പരിപാടി ഇട്ടിരിക്കുന്നു.

(സി) 2001 സെപ്റ്റംബറിൽ

(ഡി) 6 കോടി രൂപ

(ഇ) സ്വീകരിച്ചുവരുന്നു.

## ക്രീമിലെയറിൽ നിന്ന് ഒഴിവാക്കിയ സമുദായങ്ങൾ

708. ശ്രീമതി മേഴ്സി രവി :
ശ്രീ. പി.ജെ. ജോയി :
ശ്രീ. എ.കെ. മണി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രീമിലെയറിൽ നിന്ന് ഒഴിവാക്കിയ സമുദായങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സമുദായങ്ങൾ ക്രീമിലെയറിൽപ്പെടുന്നില്ല എന്ന സർട്ടിഫിക്കറ്റ് നൽകുന്നത് വരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ എന്ന് വെളിപ്പെടുത്തുമോ ;

(സി) ക്രീമിലെയറിൽപ്പെടാത്ത സമുദായങ്ങൾക്ക് ക്രീമിലെയറിൽപ്പെടുന്നില്ല എന്ന സർട്ടിഫിക്കറ്റ് നൽകുന്നതിന് അവരുടെ വരുമാനം കണക്കിലെടുക്കുന്നത് ക്രമാനുസൃതമാണോ ;

(ഡി) എങ്കിൽ എപ്രകാരമെന്ന് വിശദീകരിക്കുമോ ?

**ഉത്തരം**

**എം.എ. കുട്ടപ്പൻ (പിന്നോക്ക പട്ടിക സമുദായക്ഷേമവകുപ്പുമന്ത്രി):-**

(എ) പിന്നോക്കവിഭാഗത്തിലുള്ളവരിൽ ക്രീമിലെയർ വിഭാഗത്തിലുള്ളവരെ തിരിച്ചറിയുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിലെ അനുബന്ധത്തിൽ പറയുന്ന പരമ്പരാഗത കുലത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരെ ക്രീമിലെയറിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) ടി സമുദായത്തിൽപ്പെടുന്നവരും പരമ്പരാഗത കുലത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുമായുള്ളവർക്ക് നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നത് വരുമാനത്തിന്റെ അടിസ്ഥാനത്തിലല്ല.

(സി) അതെ.

(ഡി) പിന്നോക്ക സമുദായങ്ങളിൽപ്പെടുകയും അവരുടെ വാർഷികവരുമാനം മൂന്നുലക്ഷം രൂപയിൽ കുറയുകയും ചെയ്യുന്നവർക്കു മാത്രമേ ക്രീമിലയറിൽപ്പെടുന്നില്ല എന്ന സർട്ടിഫിക്കറ്റ് നൽകാറുള്ളു. കേന്ദ്രസർവ്വീസിലേക്കുള്ള നിയമനങ്ങൾക്ക് ഒരുലക്ഷം രൂപയാണ് വരുമാനപരിധി. വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുള്ള സമുദായങ്ങൾക്ക് അതാത് ആവശ്യങ്ങൾക്കായി വ്യത്യസ്ഥ വരുമാനപരിധി നിർണ്ണയിച്ചിട്ടുണ്ട്.

## കേരള എഡ്യൂക്കേഷൻ റൂൾസിൽ മാറ്റം വരുത്താൻ നടപടി

709. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിൽനിന്ന് പ്രീഡിഗ്രി വേർപെടുത്തുകയും ആയത് സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി മാറുകയും ചെയ്ത സാഹചര്യത്തിൽ കേരള എഡ്യൂക്കേഷൻ റൂൾസിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ&ബി): ഇത് സംബന്ധിച്ച് സർക്കാർ മേഖലയിൽ കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ സംസ്ഥാന സർവ്വീസിലേക്ക് ജി.ഒ.പി.നം.144/01/പൊ.വി. 16-4-01 (എസ്.ആർ.ഒ.നംപർ 410/01 തീയതി 19-4-01) പ്രകാരവും കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ സബോർഡിനേറ്റ് സർവ്വീസിലേക്ക് ജി.ഒ.പി.നം 144/01 പൊ.വി. 16-4-01 (എസ്.ആർ.ഒ. 411/01 തീയതി 19-4-01) പ്രകാരവും സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള എയിഡഡ് ഹയർ സെക്കന്ററി വിദ്യാഭ്യാസ സർവ്വീസിലേക്കുള്ള നിയമനരീതിയും യോഗ്യതയും സംബന്ധിച്ച് ജി.ഒ.പി.331/01/പൊ.വി.തീയതി 9-11-2001 (എസ്.ആർ.ഒ.നമ്പർ 1009/01)ം ആയി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## ഗതാഗത എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ

710. ശ്രീ. പി.പി. ജോർജ്:
ശ്രീ. ടി.യു. രാധാകൃഷ്ണൻ :
ശ്രീ. എം.പി. ഗംഗാധരൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തു വകുപ്പിൽ ഗതാഗത എഞ്ചിനീയറിംഗ് വിഭാഗം പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ഈ വിഭാഗം എന്തെല്ലാം പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിട്ടുള്ളത് ;

(സി) ഇവരുടെ പഠന റിപ്പോർട്ടിൻമേൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിക്കാനുണ്ട് ;

(ഡി) റോഡുകളിൽ അപകടമുണ്ടാകുന്നതിന് ഉള്ള കാരണങ്ങളെപ്പറ്റി ഈ വിഭാഗം പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. എം.കെ. മുനീർ (മരാമത്തു വകുപ്പുമന്ത്രി):-**

(എ) പൊതുമരാമത്തു വകുപ്പിൽ ഗതാഗത എൻജിനീയറിംഗ് എന്ന നിലയ്ക്ക് പ്രത്യേകിച്ച് ഒരു വിഭാഗമില്ല. എന്നാൽ സമീപകാലത്ത് ഒരു റോഡ് സേഫ്റ്റി എൻജിനീയറിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ അപകടങ്ങൾ ഉണ്ടായിട്ടുള്ള റോഡുകളുടെ ഭാഗങ്ങൾ റീഡിസൈൻ ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ഈ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ റോഡ് സേഫ്റ്റിയ്ക്ക് ആവശ്യമുള്ള ഉപകരണങ്ങൾ, സൈനേജസ്, റോഡ്മാർക്കിംഗ് എന്നിവ ഉപയോഗപ്പെടുത്തി റോഡ് സുരക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## താലൂക്ക്-വില്ലേജ് ഓഫീസുകൾ തമ്മിൽ ബന്ധിപ്പിക്കുന്നതിന് കമ്പ്യൂട്ടർ നെറ്റ് വർക്ക് നടപ്പാക്കുവാൻ നടപടി

711. ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്ക്-വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം എളുപ്പമാക്കുവാൻ ഓഫീസുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന കമ്പ്യൂട്ടർ നെറ്റ് വർക്ക് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) കമ്പ്യൂട്ടർവൽക്കരണം മുന്നിൽ കണ്ടുകൊണ്ടാണോ റവന്യൂ വകുപ്പിൽ അധിക ജീവനക്കാരെ കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്തെ എല്ലാ വില്ലേജ്, താലൂക്ക് ഓഫീസുകളിലും അനുവദിച്ച തസ്തികകളിലെല്ലാം ജീവനക്കാർ ഉണ്ടോ എന്നു വ്യക്തമാക്കുമോ ;

(ഇ) ഇല്ലെങ്കിൽ ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പു മന്ത്രി):-**

(എ&ബി): വില്ലേജ് ഓഫീസുകളുടെ കമ്പൂട്ടർവൽക്കരണം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ താലൂക്ക് ഓഫീസുകളും കളക്ട്രേറ്റുകളും പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ''ടോട്ടൽ കമ്പ്യൂട്ടറൈസേഷൻ'' എന്ന ഒരു പൈലറ്റ് പദ്ധതിയിലൂടെ നാലു ജില്ലകളിൽ വില്ലേജ് രേഖകൾ താലൂക്കടിസ്ഥാനത്തിൽ കമ്പ്യൂട്ടർവൽക്കരിച്ച് സർട്ടിഫിക്കറ്റുകൾ നൽകുവാൻ നടപടിയെടുത്തുവരുന്നു.

(സി) കമ്പ്യൂട്ടർവൽക്കരണം കൂടി കണക്കിലെടുത്താണ് അധിക ജീവനക്കാരെ കണ്ടെത്തിയിട്ടുള്ളത്.

(ഡി) അനുവദിച്ച തസ്തികകളിൽ മുഴുവൻ ജീവനക്കാർ ഇല്ല.

(ഇ) പ്രൊമോഷൻ/ട്രാൻസ്ഫർ വഴി ഒഴിവുകൾ നികത്തി വരുന്നു.

***************